# റോബട്ടിക് ലോക്കർ 'ഓട്ടോവോൾട്ടു'മായി ഗോദ്റെജ്

തിരുവനന്തപുരം● ബാങ്ക് ലോക്കറുകളിൽ സാധനങ്ങൾ വയ്ക്കാനും എടുക്കാനും ഇനി സ്ട്രോങ് റൂമിൽ കയറേണ്ട. ബാങ്ക് ശാഖകളോടു ചേർന്ന് 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന അതീവസുരക്ഷാ കിയോസ്കുകളിലെ റോബോട്ടിക് സംവിധാനം ലോക്കർ നിങ്ങളുടെ മുന്നിൽ എത്തിച്ചുതരും.
ലോക്കർ തുറക്കാൻ ബാങ്ക് ജീവനക്കാരുടെ സഹായവും ആവശ്യമില്ല, ഒപ്പം സ്വകാര്യതയും ഉറപ്പാക്കാം.

ഗോദ്റെജ് കമ്പനിയുടെ സെക്യൂരിറ്റി സൊല്യൂഷൻസ് വിഭാഗം വികസിപ്പിച്ച റോബട്ടിക് ലോക്കർ സംവിധാനമായ 'ഓട്ടോവോൾട്ട്' സംവിധാനത്തിലാണ് മേൽപ്പറഞ്ഞ സൗകര്യങ്ങളുള്ളത്. കേരളത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ റോബോട്ടിക് ലോക്കറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അവസാനവട്ട ചർച്ച നടക്കുകയാണെന്ന് വൈസ് പ്രസിഡന്റ് പുഷ്കർ ഗോഖലെ പറഞ്ഞു.

കിയോസ്കിൽ പ്രവേശിക്കണമെങ്കിൽ പ്രത്യേക മാഗ്നറ്റിക് കാർഡ് ഡോറിൽ സൈ്വപ് ചെയ്യണം. പിൻ നൽകിയാൽ കിയോസ്കിലെ മേശയിലേക്ക് നിങ്ങളുടെ ലോക്കർ റോബോട്ടിക് കരങ്ങളുടെ സഹായത്തോടെ എത്തിക്കും. ഉപയോക്താവിന് താക്കോൽ ഉപയോഗിച്ച് ലോക്കർ തുറക്കാം.